# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1206 07.06.2018 ൽ മറുപടിക്ക്

### ആസ്തിവികസന നിധിയിൽ നിന്നും പണം അനുവദിച്ച പദ്ധതി

| ചോദ്യം<br>ശ്രീ.കെ.ദാസൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ടുള്ള ഭരണാനുമതി ഉത്തരവ് ലഭ്യമായ, കൊയിലാണ്ടി മണ്ഡലത്തിലെ ആസ്തിവികസന നിധിയിൽ നിന്നും തുക അനുവദിച്ച എത്ര പദ്ധതികൾ സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പിൽ ഉണ്ട്; ഓരോന്നിന്റെയും പേര് സഹിതം വ്യക്തമാക്കുമോ; | (എ) കൊയിലാണ്ടി മണ്ഡലത്തിലെ ആസ്തിവികസന നിധിയിൽ നിന്നും തുക അനുവദിച്ച് സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിൽ (കെട്ടിട വിഭാഗം) ഉള്ള ചുവടെ ചേർത്തിരിക്കുന്ന മൂന്ന് പ്രവൃത്തികളാണ് അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിച്ചത്.<br>1)04.07.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 334/2017/ആയുഷ് പ്രകാരം 42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ എൽ.എ.സി-എ.ഡി.എസ്. 2016-17-പയ്യോളി മുൻസിപ്പാലിറ്റിയിലെ അയനിക്കാട് ആയുർവ്വേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം.<br>2)03.07.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2159/2017/പൊ.വി.വ. പ്രകാരം 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ എൽ.എ.സി- എ.ഡി.എസ്.2016-17 - കൊയിലാണ്ടി ഗവഃഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ഒ.എൻ.വി. കുറുപ്പ് ബ്ലോക്കിന്റെ രണ്ടാം നിലയുടെ നിർമ്മാണം.<br>3)15.03.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 465/2017/ഉ.വി.വ. പ്രകാരം 140 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ എൽ.എ.സി-എ.ഡി.എസ്.2016-17 - കൊയിലാണ്ടി എസ്.എ.ആർ.ബി.റ്റി.എം ഗവഃകോളേജിലെ സ്റ്റേഡിയം, ഫുട്ബോൾ ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണം |

| | |
|---|---|
| (ബി) അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസമുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) ഹെഡ് ഓഫ് അക്കൗണ്ട് മാറ്റികിട്ടാത്ത കാരണം മേൽ പറഞ്ഞ 2,3 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസമുണ്ട്. |

**സെക്ഷൻ ഓഫീസർ**